## പതിമൂന്നാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം. 1247

15.06.2012 ലെ മറുപടിക്ക്

### കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പ്

| ചോദ്യം | ഉത്തരം. |
| --- | --- |
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>ശ്രീ. വി.പി. സജീന്ദ്രൻ<br>ശ്രീ. പി.സി. വിഷ്ണുനാഥ്<br>ശ്രീ. സി.പി. മുഹമ്മദ് | ശ്രീ. കെ.സി.ജോസഫ്<br>(ബഹു. ഗ്രാമവികസനവും ആസൂത്രണവും നോർക്കയും സാംസ്കാരികവും വകുപ്പ് മന്ത്രി). |

| | | | |
| --- | --- | --- | --- |
| (എ) | കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിന്റെ കാര്യത്തിൽ എന്തെങ്കിലും വീഴ്ചകൾ സംഭവിച്ചിട്ടുണ്ടോ; | (എ) | സംസ്ഥാനത്ത് കഴിഞ്ഞ സർക്കാരിൻെറ കാലത്ത് കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിന്റെ കാര്യത്തിൽ ചില വീഴ്ചകൾ സംഭവിച്ചതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ട്. |
| (ബി) | എങ്കിൽ ആയതിന്റെ വിശദാംശങ്ങൾ നൽകുമോ; | (ബി) | 2009-10 സാമ്പത്തിക വർഷം ഒഴികെയുള്ള വർഷങ്ങളിൽ ബഡ്ജറ്റ് തുക പൂർണമായി ചെലവഴിക്കാൻ സാധിച്ചിട്ടില്ല. ചിലവഴിച്ചതിൽ കേന്ദ്രത്തിൽ നിന്നും ലഭിക്കേണ്ട തുക നേടിയെടുക്കുന്നതിൽ ചില വകുപ്പുകൾ വീഴ്ച വരുത്തിയിട്ടുണ്ട്. |
| (സി) | പ്രസ്തുത പദ്ധതികളുടെ നടത്തിപ്പിലെ അപാകതമൂലം എത്ര തുകയാണ് നഷ്ടപ്പെട്ടതെന്ന് വ്യക്തമാക്കുമോ? | (സി) | കൃത്യമായ കണക്കുകൾ ലഭ്യമല്ല. |

സെക്ഷൻ ഓഫീസർ

## വിശദീകരണ കുറിപ്പ്.

എ) കേന്ദ്രാവിഷ്കൃത പദ്ധതികളുടെ നടത്തിപ്പിനുള്ള തുക യൂണിയൻ ബഡ്ജറ്റിൽ വകകൊള്ളിച്ച് സംസ്ഥാനത്തെ അറിയിക്കുന്നതിനനുസരിച്ച് സംസ്ഥാന ബഡ്ജറ്റിൽ വകകൊള്ളിച്ചാണ് നടപ്പിലാക്കുന്നത് എന്നാൽ കേന്ദ്ര സർക്കാർ വകകൊള്ളിച്ച തുകയിൽ നിന്ന് സംസ്ഥാനത്തിന് ലഭ്യമാക്കുന്ന (റിലീസ്) തുകയിൽ കുറവ് വരുത്തിയതിനാൽ പദ്ധതി നിർവ്വഹണം ചില പദ്ധതികളിൽ ഭാഗികമായേ പൂർത്തീകരിക്കാൻ സാധിച്ചിട്ടുള്ളൂ.

(ബി) ചില വകുപ്പുകൾ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് അടക്കമുള്ള രേഖകൾ സമയത്തിന് കേന്ദ്രത്തിന് സമർപ്പിക്കാത്തത് കാരണം ലഭിക്കേണ്ട തുക പൂർണ്ണമായും കേന്ദ്രത്തിൽ നിന്ന് നേടിയെടുക്കാൻ സാധിച്ചിട്ടില്ല.

Sheela.H

സെക്ഷൻ ഓഫീസർ